ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ഏകദേശം ഒരു കോടിയിൽപ്പരം രൂപ ചെലവുവരുന്ന ഒരു പാലമായതുകൊണ്ട് നാം വിചാരിക്കുന്ന അത്ര വേഗതയിൽ അത് എടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

(17) പുല്ലൂറ്റ് കെ. കെ. ടി. എം. കോളേജ് ലൈബ്രറിയുടെ ശോച്യാവസ്ഥ

ശ്രീ. വി. കെ. രാജൻ : സർ, പുല്ലൂറ്റ് ഗവൺമെന്റ് കെ. കെ. ടി. എം. കോളേജ് ലൈബ്രറിയിലേക്ക് 1972-ന് ശേഷം ഫർണിച്ചർ ഒന്നും അനുവദിക്കാത്തതിനാൽ ലൈബ്രറിയിലെ പുസ്തകങ്ങൾ ചാക്കിൽ കെട്ടിയിട്ടിരിക്കുകയാണ്. എല്ലാ വർഷവും ഏകദേശം അയ്യായിരം രൂപയുടെ വീതം പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് വാങ്ങാറുണ്ട്. പക്ഷേ അത് സൂക്ഷിക്കാൻ അവിടെ സ്ഥലമില്ല. സ്ഥലപ്രശ്നം രൂക്ഷമായിട്ട് തുടരവെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകാർ കോളേജിലേക്ക് കുറേ പുസ്തകങ്ങൾ നൽകി. നിവർത്തിയില്ലാതെ വന്നപ്പോൾ ജീവനക്കാർ പുസ്തകങ്ങൾ ചാക്കിൽ കെട്ടി വച്ചു. കാൽലക്ഷത്തോളം രൂപയുടെ പുസ്തകങ്ങൾ ചാക്കിലിരിക്കുകയാണ്. 1500-ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്ന കോളേജിൽ ലൈബ്രറിയും റീഡിംഗ് റൂമും ഒരു മുറി തന്നെയാണ്. ലക്ഷങ്ങൾ ചെലവഴിച്ച് ഒരു കെട്ടിടം ലൈബ്രറിക്കുവേണ്ടി പണിതിട്ടുണ്ട്. പക്ഷേ ഫർണിച്ചർ ഇല്ലാത്തതിനാൽ അത് പൂട്ടിയിട്ടിരിക്കുകയാണ്. കോളേജിലെ കെമിസ്ട്രി, ഫിസിക്സ്, ബയോളജി ലാബിലെ അലമാരകൾ ഒഴിഞ്ഞുകിടക്കുകയാണ്. പ്രാക്ടിക്കലിന് ആവശ്യമുള്ള ഗ്യാസ് പ്ലാന്റും റേറ്റും പ്രവർത്തിക്കുന്നില്ല. ഒരു മൈക്രോഫോൺ അവിടെയുണ്ട്; അതും ചത്തുകിടക്കുകയാണ്. ആ കോളേജിന്റെ ഈ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഈ വർഷം മുപ്പത്തിയോരായിരം രൂപ ഈ കോളേജിൽ ഫർണിച്ചറിനും ലൈബ്രറി പുസ്തകങ്ങൾക്കും വേണ്ടി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക മുഴുവൻ അവിടെ ചെലവഴിച്ചുവെന്നാണ് ഔദ്യോഗികമായി മനസ്സിലാകുന്നത്. അവിടെ കുറെ പുസ്തകങ്ങൾ ചാക്കിൽക്കെട്ടി സൂക്ഷിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. രണ്ടുകൊല്ലം മുൻപ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കുറെ പുസ്തകങ്ങൾ അവിടെ നൽകുകയുണ്ടായി. അവർ അവിടെനിന്ന് പുസ്തകങ്ങൾ നൽകിയതുതന്നെ ചാക്കിൽക്കെട്ടിയാണ്. കോളേജിൽ നിന്ന് ആവശ്യപ്പെടാതെ അവിടെ പുസ്തകങ്ങൾ നൽകിയതുകൊണ്ടോ അത് അവർ ഉപയോഗിക്കാൻ എടുക്കാത്തത് എന്നാണ് അറിയുന്നത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയിരിക്കുന്ന പുസ്തകങ്ങൾ സാധാരണമായും നല്ല പുസ്തകങ്ങൾ തന്നെയായിരിക്കും. അവർ ആവശ്യപ്പെടാത്തതുകൊണ്ടോ അതുപയോഗിക്കാത്തത് എന്നുപറയുന്നതു ശരിയല്ല. വീഴ്ച വരുത്തിയ ആളുകളുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്. അവിടെ 7 മുറികളുള്ള കെട്ടിടത്തിന്റെ പണി ഇപ്പോഴാണ് തീർന്നിട്ടുള്ളത്. അതിന് ആവശ്യമായിട്ടുള്ള ഫർണിച്ചർ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(18) ഹരിജൻ കുട്ടികൾക്കുള്ള ആനുകൂല്യം

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 60 തയ്യൽ സ്കൂളുകളിൽ പഠിക്കുന്

LIBRARY ARCHIVES Kerala Legislative Assembly

മൂവായിരത്തോളം വരുന്ന ഹരിജൻ പെൺകുട്ടികൾക്ക് കഴിഞ്ഞ ഒരു വർഷമായി മാസംതോറും ലഭിച്ചുകൊണ്ടിരുന്ന 90 രൂപ സ്പൈപ്പൻറും 130 പേർക്ക് പമ്പ് സംഗ്രാൻറും മാനേജ്മെൻറിന് കുട്ടിയൊന്നിന് 25 രൂപ വീതം നൽകുന്ന ട്യൂഷൻ ഫീസും നൽകിയിട്ടില്ല. 11-2-1986-ൽ പുറപ്പെടുവിച്ച ഉത്തരവിൻെറ ഫലമായിട്ടാണ് ഇത് സംഭവിച്ചിട്ടുള്ളത്. അതിൽ ഒരു വിവേചനം കാണിച്ചിരിക്കുകയാണ്. ഹരിജനങ്ങളല്ലാത്ത മാനേജർമാർ നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിലെ 75 ശതമാനം കുട്ടികൾ പരീക്ഷയ്ക്കിരുന്നാൽ മാത്രമേ ഈ ആനുകൂല്യം നൽകാൻ പാടുള്ളുവെന്ന് ഗവൺമെൻറ് ഉത്തരവിൽ പറഞ്ഞിരിക്കുന്നു. അതോടൊപ്പം ഹരിജനങ്ങൾ നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിലെ കുട്ടികളിൽ 50 ശതമാനം ഹാജരായാൽ ഈ ആനുകൂല്യം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതുമൂലം ഈ 300 കുട്ടികൾ കഷ്ടത്തിലാണ്; മാനേജർമാരും കഷ്ടത്തിലാണ്. അവർക്ക് കെട്ടിടത്തിന് വാടക കൊടുക്കാൻ നിവൃത്തിയില്ല. അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ നിവൃത്തിയില്ല. അതിന് പരിഹാരം ഉണ്ടാകണം. ഇതുവരെ അവിടെ പഠിച്ച എല്ലാ കുട്ടികൾക്കും ഈ ആനുകൂല്യം നൽകാൻ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.കെ. കരുണാകരൻ) : സർ, അതൊരു വിദ്യാലയമാണോ യെന്നുതന്നെ സംശയിക്കത്തക്ക വിധത്തിലാണ് അതിൻെറ പ്രവർത്തനം. നൂറ്-നൂറിയിരുപത് വിദ്യാർത്ഥികളുടെ ലിസ്റ്റ് കൊടുത്തിട്ട് ഒന്നോ രണ്ടോ തയ്യൻമീഷ്യനാണുള്ളത്. അതുതന്നെയും ശരിയായിട്ടു നടക്കുന്നില്ല: ഇതൊരു വെറും പഠിപ്പായി മാറിയിരിക്കുകയാണ്. ഇതിനൊരു അവസാനമുണ്ടാക്കണമെന്നാണ് ഗവൺമെൻറിൻെറ ആഗ്രഹം. 75 ശതമാനം ഹരിജൻ കുട്ടികളെയും പരീക്ഷയ്ക്കിരുത്തുകയാണ്. ആരും പാസാകുന്നില്ല. പരീക്ഷയ്ക്കിരുത്തിയാൽ അവർക്ക് ഈ പറഞ്ഞ ആനുകൂല്യങ്ങൾ കൊടുക്കണം. കുട്ടികളുടെ എണ്ണം കൂട്ടിയാൽ മാനേജുമെൻറിന് 25 രൂപ വീതം കിട്ടും. അതിനുവേണ്ടിയിട്ട് കുട്ടികളെ ചേർത്തതായി കൃത്രിമമായി രജിസ്റ്ററർ ഉണ്ടാക്കുന്നു. ഈ പഠിപ്പ് നിർത്തല്ലാക്കുന്നതിനുവേണ്ടി മനഃപൂർവ്വമായി നടപടികൾ എടുത്തതാണ്. കൊടുക്കുന്ന കാശ് പാവപ്പെട്ട ഹരിജനങ്ങൾക്കുതന്നെ കിട്ടണം. അതിനുവേണ്ടിയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഹരിജനങ്ങളെന്നോ ഹരിജനങ്ങളല്ലാത്തവരെന്നോ ഉള്ള വിവേചനം കൂടാതെ എല്ലാ സ്ഥാപനങ്ങളിലും 75 ശതമാനം കുട്ടികൾ ഹാജരുണ്ടെങ്കിൽ സഹായം കൊടുക്കും.

(19) നിലമ്പൂർ സർക്കാരാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. ടി.കെ. ഹംസ : സർ, 10 പഞ്ചായത്തുകളുടെ ഏക ആശ്രയമാണ് നിലമ്പൂർ സർക്കാർ ആശുപത്രി. ഒന്നര ലക്ഷത്തോളം ആളുകൾ ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. ഈ ആശുപത്രിക്കെട്ടിടം ഇടിഞ്ഞുപൊളിഞ്ഞ് തകർന്നുകിടക്കുകയാണ്. കെട്ടിടം മുഴുവൻ ചോർന്നൊലിക്കുകയാണ്. കക്കൂസ് പൊട്ടിയൊലിക്കുന്നതുകൊണ്ട് രോഗികൾക്ക് അവിടെ കിടക്കാൻ നിവൃത്തിയില്ല. കഴിഞ്ഞ 5 കൊല്ലത്തിനിടയ്ക്ക് യാതൊരു അറ്റകുറ്റപ്പണിയും അവിടെ നടത്തിയിട്ടില്ല. ഒരു ലേഡി ഡോക്ടറോ ഗൈനക്കോളജിസ്റ്റോ അവിടെയില്ല. അതിൻെറ ബുദ്ധിമുട്ടുകൾ വളരെയധികമാണ്. മരുന്നുകളും അത്യാവശ്യത്തിന് കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ സത്വരമായി പതിയണം എന്ന് അപേക്ഷിക്കുകയാണ്. അങ്ങയ്ക്ക് വകുപ്പുകൾ ധാരാളമുള്ളതുകൊണ്ട് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടെന്നറിയാം. എങ്കിലും ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly